26
2022
ഫെബ്രുവരി
വ്യാഴം
കുംഭം 12

NAUTICAL TIMES
KERALA

The National Daily in Malayalam / English

# നോട്ടിക്കൽ ടൈംസ് കേരള

e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391






തിരുവനന്തപുരം | Thiruvananthapuram | web: www. nauticaltimesmedia.com | Volume-3, Issue No. 246 Page 4, | Price: Rs. 2 | പുസ്തകം-3 ലക്കം-246 | പേജ് 4. വില 2.00 രൂപ



02 ഇന്ന് 3581 പേർക്ക് കോവിഡ്19 സ്ഥിരീകരിച്ചു

03 സഹകരണ നിക്ഷേപ സമാഹരണ യജ്ഞത്തിന് തുടക്കം

04 ചൈനയുമായുള്ള ബന്ധം മോശം അവസ്ഥയിലെന്ന് ഇന്ത്യ


# മത്സ്യബന്ധന എൽ.പി.ജി ഇന്ധനപരീക്ഷണം ശുഭപ്രതീക്ഷയേകുന്നു : മന്ത്രി സജി ചെറിയാൻ



പരമ്പരാഗത മത്സ്യബന്ധന യാനങ്ങളിലെ എൻജിൻ ഇന്ധനം മണ്ണെണ്ണയിൽ നിന്നും എൽ.പി.ജി യിലേക്ക് മാറ്റുന്ന പരീക്ഷണം ശുഭപ്രതീക്ഷയേകുന്നതാണെന്ന് ഫിഷറീസ് മന്ത്രി സജി ചെറിയാൻ. യാനങ്ങളിൽ എൽ.പി.ജി ഇന്ധനമായി ഉപയോഗിക്കുന്ന പരിവർത്തനം പദ്ധതിയുടെ ഭാഗമായി നടത്തിയ ആദ്യ പരീക്ഷണം വിഴിഞ്ഞത്ത് വിലയിരുത്തിയ ശേഷം സംസാരിക്കുകയായിരുന്നു അദ്ദേഹം.

മത്സ്യത്തൊഴിലാളികൾക്ക് സാമ്പത്തികമായി നേട്ടമുണ്ടാകുന്നതും പരിസ്ഥിതി മലിനീകരണം കുറഞ്ഞതുമായ ഇന്ധനമാണ് എൽ.പി.ജി എന്ന് പരീക്ഷണത്തിന് മേൽനോട്ടം വഹിച്ച പരിവർത്തനം സി.ഒ.ഒ റോയ് നാഗേന്ദ്രൻ പറഞ്ഞു. ഹിന്ദുസ്ഥാൻ പെട്രോളിയവുമായി സഹകരിച്ചാണ് പരീക്ഷണം. പരമ്പരാഗത യാനങ്ങളിൽ ഉപയോഗിക്കുന്ന 10 എച്ച്.പി ശേഷിയുള്ള എൻജിനുകൾ ഒരു മണിക്കൂർ പ്രവർത്തിപ്പിക്കുവാൻ ആറ് മുതൽ 10 ലിറ്റർ വരെ മണ്ണെണ്ണ വേണം. ഇവയിൽ തന്നെ 20 ശതമാനത്തോളം ഇന്ധനം കടലിൽ നേരിട്ട് കലരുന്ന സാഹചര്യവുമുണ്ട്. എന്നാൽ എൽ.പി.ജി ഇന്ധനമായി ഉപയോഗിക്കുമ്പോൾ 2.5 കിലോഗ്രാം മാത്രമേ ഒരു മണിക്കൂറിന് വേണ്ടി വരുന്നുള്ളൂ. ഇന്ധനങ്ങളുടെ വില താരതമ്യം ചെയ്യുമ്പോൾ വലിയ സാമ്പത്തികനേട്ടം മത്സ്യത്തൊഴിലാളികൾക്കുണ്ടാകും. ഒന്നിലധികം എൻജിനുകൾക്ക് ഒരു എൽ.പി.ജി കിറ്റിൽ നിന്നും കണക്ഷൻ നൽകുവാനും സാധിക്കും. പരിസ്ഥിതി മലിനീകരണം കുറവാണെന്നത് എന്നത് മറ്റൊരു നേട്ടമാണ്. അടുത്ത ഘട്ടമായി സി.എൻ.ജി ഉപയോഗിക്കുവാനുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നതായും അദ്ദേഹം പറഞ്ഞു. ചടങ്ങിൽ ഹിന്ദുസ്ഥാൻ പെട്രോളിയം ചീഫ് ജനറൽ മാനേജർ മാർക്കറ്റിംഗ് എം.പി രതീഷ് കുമാർ, സൗത്ത് സോൺ ചീഫ് ജനറൽ മാനേജർ വി.എസ് ചക്രവർത്തി, ചീഫ് റീജിയണൽ മാനേജർ സുനിൽകുമാർ, അമൽ ദേവരാജ് എന്നിവർ പങ്കെടുത്തു.

# ദൈവദാസൻ ബിഷപ്പ്ജെറോം അനുസ്മരണം ഫെബ്രുവരി 27 വരെ

കൊല്ലം രൂപതയുടെ തദ്ദേശീയ മെത്രാനും ദൈവദാസനു മായ ബിഷപ്പ് ജെറോമിന്റെ 30ാം ചരമ വാർഷിക ആചരണം അദ്ദേഹത്തിന്റെ ജന്മനാടായ കോയിവിളയിൽ ഫെബ്രുവരി 23 മുതൽ 27 ഞായർ വരെ. 23 ന് അഷ്ടമുടികായലിന്റെ തീരങ്ങളിലൂടെ അനുസ്മരണ ജലഘോഷയാത്ര.

24ാം തീയതി ദൈവദാസ പ്രഖ്യാപന ദിന വാർഷിക ആഘോഷം. രാവിലെ 6.30 ന് പതാക ഉയർത്തൽ ഫാദർ. ജോളി എബ്രഹാം, തുടർന്ന് ദിവ്യബലി മുഖ്യ കാർമ്മികൻ ഫാദർ രാജേഷ്മാർട്ടിൻ തുടർന്ന് എക്സ് പോ 2022.25ാം തീയതി കൊല്ലം രൂപതകരി സ്മാറ്റിക് പ്രസ്ഥാനത്തിന്റെ നേതൃത്വത്തിൽ പ്രാർത്ഥനാ യജ്ഞം. 26ാം തീയതി ശനിയാഴ്ച രാവിലെ 7.30 ന് 30ാം ചരമ വാർഷിക കുർബാന മുഖ്യകാർമ്മികൻ മൊൺ. വിൻസെന്റ് മച്ചാഡോ തുടർന്ന് ഛായാചിത്രത്തിൽ പുഷ്പാർച്ചന. 9.30 ന് 'ദൈവദാസൻ ബിഷപ്പ് ജെറോമും വിദ്യാഭ്യാസ മാർഗ്ഗദർശ നവും' എന്ന വിഷ യത്തെ ആസ്പദമാക്കി സെമിനാർ. 27 ഞായറാഴ്ച രാവിലെ 6.45 ന് സാറ്റാൻലി റോമൻ പിതാവിന്റെ കാർമ്മികത്വത്തിൽ അനുസ്മരണ ദിവ്യബലി വൈകിട്ട് 4 ന് അനുസ്മരണ ഘോഷയാത്ര. വൈകിട്ട് 5 ന് അഭിവന്ദ്യ സ്റ്റാൻലി റോമൻ പിതാവ് അദ്ധ്യക്ഷത വഹിച്ച് ബഹു. സംസ്ഥാനക്ഷീര വികസന / മൃഗ സംരക്ഷണ വകുപ്പ് മന്ത്രി ശ്രീമതി ജെ. ചിഞ്ചു റാണി ഉദ്ഘാടനം നിർവഹിക്കുന്ന അനുസ്മരണ പെതുയോഗത്തിൽ വെച്ച് (ശ്രീ. ഒലിവർ ആന്റണി, ബോംബെ) ബിഷപ്പ് ജെറോമിന്റെ സ്മരണാർത്ഥം ഏർപ്പെടുത്തിയ 25000/ രൂപ യുടെ കാഷ് അവാർഡും 20മത് ഗുഡ് സമരിറ്റൻ പുരസ്കാരവും കൊല്ലം രൂപതാ മെത്രാൻ പോൾ ആന്റണി മുല്ലശ്ശേരി പുരസ്കാര ജേതാവ് കിഡ്നി ഫെഡറേഷൻ ഓഫ് ഇൻഡ്യയുടെ സ്ഥാപകൻ ഫാദർ ഡേവിസ് ചിറമേലിന് സമ്മാനിക്കും. എൻ. കെ. പ്രേമചന്ദ്രൻ, എം. പി. കൊല്ലം, സുജിത് വിജയൻപിള്ള( ചവറ എം. എൽ. എ. ), സി. ആർ. മഹേഷ് ( കരുനാഗപ്പള്ളി എം. എൽ. എ. ) ശ്രീമതി. പ്രസന്ന ഏണസ്റ്റ് ( കൊല്ലം മേയർ ) ഷിബു ബേബി ജോൺ ( മുൻ മന്തി ) തുടങ്ങിയവർ പങ്കെടുക്കുമെന്ന് ഫാദർ ജോളിഎബ്രഹാം ഇടവക വികാരി അറിയിച്ചു.

# ആക്രമണം കടുപ്പിച്ച് റഷ്യ; ഏറ്റുമുട്ടൽ തുടരുന്നു



കീവ്: യുക്രെയ്നിലെ പട്ടാള നടപടി രണ്ടാം ദിനവും തുടർന്ന് റഷ്യ. കീവിൽ വീണ്ടും സ്ഫോടനങ്ങൾ നടന്നു. ഇന്ന് ആറ് സ്ഫോടനങ്ങൾ നടന്നതായാണ് റിപ്പോർട്ട്.

ഒഡേസയിലും സപ്പോരിജിയ മേഖലയിലും റഷ്യ മിസൈൽ ആക്രമണം നടത്തുന്നുണ്ട്. ഒരു ലക്ഷത്തിലേറെ പേർ കീവ് വിട്ടെന്നാണ് സൂചന. മലയാളികൾ ഉൾപ്പടെ ഇന്നലെ രാത്രി കഴിച്ചു കൂട്ടിയത് ബങ്കറുകളിലാണ്.

അതേസമയം, ഇന്ത്യയുടെ നിലപാടിൽ കടുത്ത നിരാശയാണെന്ന് യുക്രെയ്ൻ പ്രതികരിച്ചു. യുക്രെയ്ൻ പ്രതിസന്ധിയിൽ രാജ്യതാത്പര്യം സംരക്ഷിച്ചുള്ള നിലപാടാണ് സ്വീകരിക്കുന്നതെന്ന് ഇന്ത്യ വ്യക്തമാക്കി. ഒരു രാജ്യവും ധാർമികത ഉപദേശിക്കേണ്ടതില്ലെന്നും റഷ്യയുമായി സൈനിക കരാറുകളുണ്ടെന്ന് സർക്കാർ വൃത്തങ്ങൾ അറിയിച്ചു.

റഷ്യൻ ആക്രമണങ്ങളിൽ സൈനികരും സാധാരണക്കാരായ ജനങ്ങളും ഉൾപ്പെടെ ഇതുവരെ 137 പേർ മരിച്ചെന്ന് യുക്രെയ്ൻ പ്രസിഡൻറ് വോളോഡിമിർ സെലൻസ്കി സ്ഥിരീകരിച്ചു. 316 പേർക്ക് പരിക്കുകൾ പറ്റി. ഏകദേശം 100,000 യുക്രെയ്നികൾ വീടുവിട്ട് പലായനം ചെയ്തതായി യുഎൻ അഭയാർഥി ഏജൻസി പറയുന്നു.

## 800 റഷ്യൻ സൈനികരെ വധിച്ചെന്ന് യുക്രെയ്ൻ; പ്രതികരിക്കാതെ റഷ്യ

കീവ്: റഷ്യൻ സേനയുടെ 800 സൈനികരെ വധിച്ചെന്ന അവകാശവാദവുമായി യുക്രെയ്ൻ. ഇതുവരെ റഷ്യയുടെ 800 സൈനികരെ വധിച്ചെന്നും റഷ്യയുടെ 30 ടാങ്കുകളും ഏഴ് വിമാനങ്ങളും ആറ് ഹെലികോപ്റ്ററുകളും ഒരു യുദ്ധവിമാനം തകർത്തെന്നും യുക്രെയ്ൻ അവകാശപ്പെട്ടു. എന്നാൽ ഈ പ്രസ്താവനയോട് റഷ്യ ഇതുവരെയും പ്രതികരിച്ചിട്ടില്ല. അതേസമയം, റഷ്യ ചർച്ചയ്ക്ക് തയാറാകണമെന്ന് യുക്രെയ്ൻ പ്രസിഡൻറ് വ്ളാദിമിർ സെലൻസ്കി ആവശ്യപ്പെട്ടു.

## ഭീകര താണ്ഡവം: തമ്പാനൂർ കൊലപാതകം; പ്രതി പിടിയിൽ



തിരുവനന്തപുരം: തമ്പാനൂരിൽ ഹോട്ടൽ ജീവനക്കാരനെ വെട്ടിക്കൊലപ്പെടുത്തിയ കേസിലെ പ്രതി അറസ്റ്റിൽ. നെടുമങ്ങാട് സ്വദേശി അജീഷ് ആണ് പിടിയിലായത്.

രണ്ട് ദിവസം മുൻപ് ഹോട്ടലിൽ മുറിയെടുക്കുന്നതുമായി ബന്ധപ്പെട്ട് തർക്കം നടന്നിരുന്നു. ഇതാണ് കൊലപാതകത്തിന് കാരണമായതെന്ന് പോലീസ് പറഞ്ഞു. പ്രതി അജീഷ് ഗുണ്ടാ ലിസ്റ്റിലുള്ള ആളാണ്.

ഇന്ന് രാവിലെ എട്ടോടെയാണ് സംഭവം. തന്പാനൂർ സിറ്റി ടവർ ഹോട്ടലിലെ റിസപ്ഷനിസ്റ്റിനെയാണ് വെട്ടിക്കൊന്നത്. തമിഴ്നാട് സ്വദേശി അയ്യപ്പനാണ് മരിച്ചത്. കൃത്യത്തിനു ശേഷം രക്ഷപ്പെട്ട പ്രതിയെ സിസിടിവി ദൃശ്യങ്ങൾ കേന്ദ്രീകരിച്ച് നടത്തിയ അന്വേഷണത്തെ തുടർന്നാണ് പിടികൂടിയത്.

## 25 സപ്ലൈകോ വിൽപ്പന ശാലകളുടെ സംസ്ഥാനതല ഉദ്ഘാടനം ഇന്ന്

സംസ്ഥാന സർക്കാരിന്റ ഒന്നാം വാർഷികത്തോടനുബന്ധിച്ചുള്ള 100 ദിന പരിപാടിയുടെ ഭാഗമായി ഭക്ഷ്യ പൊതുവിതരണ വകുപ്പിന്റെ ആഭിമുഖ്യത്തിൽ പുതിയതും നവീകരിച്ചതുമായ 25 സപ്ലൈകോ വിൽപ്പനശാലകളുടെ സംസ്ഥാനതല ഉദ്ഘാടനം 26ന് വൈകുന്നേരം 5.30ന് ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രി ജി.ആർ. അനിലിന്റ്റെ അധ്യക്ഷതയിൽ ചേരുന്ന യോഗത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കും.

തമ്പാനൂർ കെ.എസ്.ആർ.ടി.സി ബസ് ടെർമിനലിനടുത്തുള്ള ഷോപ്പിംഗ് കോപ്ലക്സിലാണ് പുതുതായി സപ്ലൈകോ സൂപ്പർ മാർക്കറ്റ് പ്രവർത്തനം തുടങ്ങുന്നത്. വിവിധ ജില്ലകളിൽ പുതുതായി ആരംഭിക്കുന്നതും നവീകരിച്ചതുമായ സപ്ലൈകോ മാവേലി സ്റ്റോർ, സൂപ്പർമാർക്കറ്റ് എന്നിവ ഇതിനൊപ്പം ഓൺലൈനിൽ മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്യും. വിവര സാങ്കേതിക വിദ്യയുടെ മെച്ചപ്പെട്ട സേവനങ്ങൾ സപ്ലൈകോയിലൂടെ ലഭ്യമാക്കുന്നതിന് 100 ദിന പരിപാടിയിൽ ലക്ഷ്യമിടുന്നു.

ഉദ്ഘാടന സമ്മേളനത്തിൽ ഗതാഗത വകുപ്പ് മന്ത്രി ആന്റണി രാജു ആദ്യ വിൽപ്പന നിർവഹിക്കും. പൊതുവിദ്യാഭ്യാസ-തൊഴിൽ മന്ത്രി വി. ശിവൻകുട്ടി മുഖ്യാതിഥിയായിരിക്കും. തിരുവനന്തപുരം, കൊല്ലം, കോട്ടയം, ഇടുക്കി, പത്തനംതിട്ട, എറണാകുളം, ആലപ്പുഴ, തൃശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട് തുടങ്ങിയ ജില്ലകളിലെ 25 മാവേലി വിൽപ്പനശാലകളാണ് പ്രവർത്തനമാരംഭിക്കുന്നത്.






ലേലം

കൊല്ലം : ... കശുമാവ് ... ന്നും കശുവ... നീക്കം ചെ... ലേലം മാർച്ച്... ക്ക് മൂന്ന് മണ... ഫോറസ്ട്രി ... ഫീസിൽ ന... സ് ഫോമുക... സിൽ നിന്ന് ... മാറ്റിവയ്ക്കേ... മാർച്ച് ഒമ്പത... മയത്തും സ്... നടത്തുമെന്... ഫോറസ്റ്റ് ക... റിയിച്ചു. കൂ... ങ്ങൾക്ക് ... ഷ്യൽ ഫോ... ഷൻ ഓഫീ... പ്പെടുക. ... 2748976.




ഖനനഭൂവിജ്ഞാന വകുപ്പിന്റെ വെബ്സൈറ്റിന്റെയും ഡാഷ്ബോർഡിന്റേയും ഉദ്ഘാടനം മന്ത്രി പി. രാജീവ് നിർവഹിക്കുന്നു

# വേനൽ ജാഗ്രത അനിവാര്യം ഡി.എം.ഒ

കൊല്ലം : വേനൽച്ചൂട് ഉയരുന്ന സാഹചര്യത്തിൽ വിവിധ രോഗങ്ങൾക്കെതിരെ ജാഗ്രത പാലിക്കണമെന്ന് ആരോഗ്യ വകുപ്പ്. വേനൽക്കാലജലജന്യരോഗങ്ങൾ, സൂര്യാതപം/സൂര്യാഘാതം എന്നിവയ്ക്ക് സാധ്യത ഏറുകയാണ്.

വെള്ളം മലിനമാകാനുള്ള സാധ്യത നിലനിൽക്കെ ചെമ്പുകളിലും വലിയപാത്രങ്ങളിലും മൂടിവച്ച് സംഭരിച്ചില്ലെങ്കിൽ കൊതുക് പെരുകി ഡെങ്കിപ്പനി, ചിക്കൻഗുനിയ, സിക്ക തുടങ്ങിയവയ്ക്ക് സാധ്യതയേറും. ജലഭക്ഷ്യജന്യരോഗങ്ങളായ വയറിളക്കം, കോളറ, മഞ്ഞപിത്തം, ടൈഫോയ്ഡ് തുടങ്ങിയവയും പടരാനിടയുണ്ട്.

ഉഷ്ണകാലത്ത് ധാരാളം വെള്ളം കുടിക്കണം. യാത്രവേളകളിലും, അല്ലാതെയും തിളപ്പിച്ചാറിയ വെള്ളം മാത്രം ഉപയോഗിക്കാം. നിറമുള്ള/കൃത്രിമ പാനീയങ്ങൾ, കോളകൾ, മധുരപാനീയങ്ങൾ, മദ്യം എന്നിവ ഒഴിവാക്കണം. പുറത്തുനിന്നും വാങ്ങുന്ന കുടിവെള്ളം ശുദ്ധമായ സ്രോതസ്സിൽ നിന്നുള്ളതാണെന്ന സർട്ടിഫിക്കറ്റ് വില്പനക്കാർ കരുതണം.

അംഗീകൃത വാഹനങ്ങളിൽ മാത്രം ജലവിതരണം നടത്താം. ആരോഗ്യപ്രവർത്തകർ ജലത്തിന്റെ ഗുണനിലവാരം പരിശോധിക്കണം. എല്ലാ ആരോഗ്യ കേന്ദ്രങ്ങളിലും/ സി.എച്ച്.സി/പി.എച്ച്.സി സബ് സെന്റുകളിൽ ഉൾപ്പെടെ ഒ.ആർ.എസ് സിങ്കി കോർണറുകൾ സജ്ജീകരിക്കണം. പഞ്ചായത്ത് തലത്തിൽ കിണറുകൾ ക്ലോറിനേറ്റ് ചെയ്യണം. സ്വകാര്യ ആശുപത്രികൾ പ്രവേശിക്കപ്പെടുന്നവരുടെ വിവരങ്ങൾ റിപ്പോർട്ട് ചെയ്യണം എന്ന് ഡി. എം. ഒ ഡോ. ബിന്ദു മോഹൻ നിർദ്ദേശിച്ചു.

ചിക്കൻപോക്സ്, മുണ്ടിനീര്, ത്വക്ക്രോഗങ്ങൾ. അലർജി, വൈറൽപ്പനി എന്നിവയും വേനൽക്കാലത്ത് കൂടുതലായി ഉണ്ടാകാം. ശുചിത്വം പാലിക്കുകയും രോഗങ്ങൾ വരാതെ നോക്കുകയുമാണ് പ്രധാനം.

ദാഹം ഇല്ലെങ്കിലും ഓരോമണിക്കൂർ ഇടവിട്ട് ധാരാളം വെള്ളം കുടിക്കണം.

ഉപ്പിട്ട് നാരങ്ങാവെള്ളം, കഞ്ഞിവെള്ളം സംഭാരം എന്നിവ ഉപയോഗിക്കാം.

സൂര്യാഘാതമേറ്റാൽ ഉടനടി തണലിലേയ്ക്ക് മാറണം. ഉഷ്ണം മാറുന്നില്ലെങ്കിൽ വെള്ളത്തിൽ മുക്കിപിഴിഞ്ഞ തുണികൊണ്ട് തലോടാം.

കട്ടികുറഞ്ഞ വെളുത്തതോ ഇളം നിറത്തിലോ ഉള്ള അയഞ്ഞ വസ്ത്രങ്ങൽ ധരിക്കണം

വെയിലത്ത് ജോലി ചെയ്യേണ്ട സാഹചര്യങ്ങളിൽ ജോലി സമയം ക്രമീകരിക്കണം

ചൂടുകൂടുന്ന സമയങ്ങളിൽ കുട്ടികൾ പ്രായമായവർ, രോഗികൾ, ഗർഭിണികൾ എന്നിവർ പുറത്തിറങ്ങരുത്

വെയിലത്ത് കാറുകളിലും ഇതര വാഹനങ്ങളിലും കുട്ടികളെ ഇരുത്തിയിട്ട് ഷോപ്പിംഗ് പാടില്ല.

വീടിനുള്ളിൽ വായുസഞ്ചാരം ഉറപ്പാക്കുന്നതിന് വാതിലുകളും ജനലുകളും തുറന്നിടാം

ചർമ്മസംരക്ഷണത്തിനായി നിലവാരമുള്ള സൺ സ്ക്രീൻ ലോഷനുകൾ ഉപയോഗിക്കണം.

പഴങ്ങളും പച്ചക്കറികളും ധാരാളം ഉപയോഗിക്കാം. വറുത്തതും മൊരിച്ചതുമായ ഭക്ഷണം ഒഴിവാക്കണം.

യാത്രാവേളയിൽ തൊപ്പി, സൺഗ്ലാസ്, കൈലേസുകൾ എന്നിവ കരുതണം.

അസ്വസ്ഥതകൾ അനുഭവപ്പെട്ടാൽ പ്രഥമശുശ്രൂഷ നൽകി തൊട്ടടുത്തുള്ള ആരോഗ്യകേന്ദ്രത്തിൽ എത്തിക്കണം.

# ജനനേന്ദ്രിയം മുറിച്ച കേസിൽ വഴിത്തിരിവ്

തിരുവനന്തപുരം: സ്വാമി ഗംഗേശാനന്ദയുടെ ജനനേന്ദ്രിയം മുറിച്ച കേസിൽ വഴിത്തിരിവ്. കേസിലെ പരാതിക്കാരിയായ പെൺകുട്ടിയും സുഹൃത്തും ചേർന്ന് ഗൂഢാലോചന നടത്തിയാണ് സ്വാമിയുടെ ജനനേന്ദ്രിയം മുറിച്ചതെന്നും ഒരുമിച്ചു ജീവിക്കാൻ സ്വാമി തടസമെന്നു കണ്ടതോടെയായിരുന്നു ആക്രമണമെന്നും ക്രൈംബ്രാഞ്ച് കണ്ടെത്തി. കേസിൽ ഇരുവരെയും പ്രതി ചേർക്കാൻ ക്രൈംബ്രാഞ്ച് നിയമോപദേശം തേടി. കണ്ണമ്മൂലയിലെ പെൺകുട്ടിയുടെ വീട്ടിൽ അതിഥിയായി എത്തിയ ഗംഗേശാനന്ദ 2017 മെയ് 20ന് രാത്രിയിലാണ് ആക്രമിക്കപ്പെട്ടത്. സ്വാമി പീഡിപ്പിക്കാൻ ശ്രമിക്കുന്നതിടെ ലിംഗം മുറിച്ചുവെന്നായിരുന്നു നിയമവിദ്യാർത്ഥിനിയായ പെൺകുട്ടി പേട്ട പൊലീസ് സ്റ്റേഷനിൽ നൽകിയ ആദ്യ മൊഴി. മജിസ്ട്രേറ്റിന് മുന്നിലും പെൺകുട്ടി സ്വാമിക്കെതിരെ മൊഴി നൽകിയതോടെ ഗംഗേശാനന്ദക്കെതിരെ ബലാത്സംഗത്തിന് പൊലീസ് കേസെടുത്തു.

എന്നാൽ പെൺകുട്ടിയല്ല, താനാണ് സ്വയം ലിംഗം മുറിച്ചതെന്ന് ആദ്യം മൊഴി നൽകിയ ഗംഗേശാനന്ദ, പിന്നീട് ഉറക്കത്തിൽ ആരോ ആക്രമിച്ചതാണെന്ന് മാറ്റിപ്പറഞ്ഞു. ഗംഗേശാനന്ദ പീഡിപ്പിക്കാൻ ശ്രമിച്ചിട്ടില്ലെന്നും സ്വാമിയുടെ സഹായി അയ്യപ്പദാസാണ് ആക്രമിച്ചതെന്നും കാണിച്ച് വീണ്ടും പെൺകുട്ടി പൊലീസിനെ സമീപിച്ചു. കേസ് റദ്ദാക്കണമെന്നാവശ്യപ്പെട്ട് ഗംഗേശാനന്ദ കോടതിയെ സമീപിച്ചപ്പോഴും പെൺകുട്ടി ഗംഗേശാനന്ദയ്ക്ക് അനുകൂലമായി മൊഴി നൽകി. ഗംഗേശാനന്ദ ഉപദ്രവിച്ചിട്ടില്ലെന്നും അതിക്രമം നടത്തിയത് പെൺകുട്ടിയുടെ സുഹൃത്തിന്റെ നിർബന്ധത്താലാണെന്നും പോക്സോ കോടതിയിലും ഹൈക്കോടതിയിലും ആദ്യം പരാതിക്കാരിയും പിന്നീട് മാതാപിതാക്കളും തിരുത്തി പ്പറഞ്ഞതോടെയാണ് കേസ് ക്രൈംബ്രാഞ്ചിന് കൈമാറിയത്.

അന്വേഷണത്തിൽ പെൺകുട്ടിയെ സ്വാമി പീഡിപ്പിക്കാൻ ശ്രമിച്ചിട്ടില്ലെന്നാണ് ക്രൈംബ്രാഞ്ച് കണ്ടെത്തൽ. പരാതിക്കാരിയും അയ്യപ്പദാസും തമ്മിലുള്ള ബന്ധം സ്വാമി അംഗീകരിച്ചില്ല. ഇതാണ് വൈരാഗ്യത്തിന് കാരണം. സ്വാമി തങ്ങളുടെ ബന്ധത്തിന് തടസമാകുമെന്നതിനാലാണ് അയപ്പദാസിന്റെ സഹായത്തോടെ പെൺകുട്ടി അക്രമത്തിന് മുതിർന്നത്. അയ്യപ്പദാസാണ് പദ്ധതി തയാറാക്കിയത്. കത്തി പെൺകുട്ടിക്ക് നൽകിയതും അയ്യപ്പദാസാണ്. സംഭവം നടക്കുന്നതിനു രണ്ടു ദിവസം മുൻപ് ഇരുവരും കൊല്ലത്തും ആലപ്പുഴയിലും വച്ച് കൂടിക്കാഴ്ച നടത്തുകയും ജനനേന്ദ്രിയം ഏതു തരത്തിൽ ഛേദിക്കണമെന്ന് ചർച്ച നടത്തുകയും ചെയ്തു. അതിന്റെ അടിസ്ഥാനത്തിലാണ് പെൺകുട്ടി സ്വാമിയുടെ ജനനേന്ദ്രിയം മുറിച്ചതെന്നാണ് ക്രൈംബ്രാഞ്ച് കണ്ടെത്തൽ.

സമാന സംഭവങ്ങളുടെ ദൃശ്യങ്ങൾ സംഭവം നടക്കുന്നതിനു രണ്ടു മാസം മുൻപു പെൺകുട്ടി ഇന്റർനെറ്റിൽ കണ്ടതായുള്ള മൊബൈൽ ഫോണിന്റെ ഫോറൻസിക് റിപ്പോർട്ടായിരുന്നു പ്രധാന വഴിത്തിരിവ്. പുതിയ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ പെൺകുട്ടിയെയും സഹായിയെയും പ്രതിചേർക്കാനാകുമോ എന്നതിലാണ് ക്രൈംബ്രാഞ്ച് എജിയുടെ നിയമോപദേശം തേടിയിരിക്കുന്നത്.

# തൃക്കോവിൽവട്ടത് സപ്ലൈകോ സൂപ്പർ മാർക്കറ്റ് മുഖ്യമന്ത്രി ഇന്ന് ഉദ്ഘാടനം ചെയ്യും

സംസ്ഥാന സർക്കാരിന്റെ 100 ദിന കർമ്മ പരിപാടികളുടെ ഭാഗമായി കുണ്ടറ നിയോജകമണ്ഡലത്തിലെ തൃക്കോവിൽവട്ടം ഗ്രാമപഞ്ചായത്തിൽ പ്രവർത്തിച്ചുവന്ന ഡീസന്റ് മുക്ക് മാവേലിസ്റ്റോർ സൂപ്പർമാർക്കറ്റായി നവീകരിച്ച് പുതിയകെട്ടിടത്തിലെക്ക് മാറ്റുന്നതിന്റെ ഉദ്ഘാടനം ഇന്ന് വൈകിട്ട് 5:30ന് മുഖ്യമന്ത്രി പിണറായി വിജയൻ ഓൺലൈനായി നിർവഹിക്കും. ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രി ജി.ആർ.അനിൽ അധ്യക്ഷനാകും. മാനേജിംഗ് ഡയറക്ടർ ആൻഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ഡോ. സഞ്ജീബ് പട്ജോഷി, തിരുവനന്തപുരം സപ്ലൈകോ മേഖല മാനേജർ ജയപ്രകാശ് തുടങ്ങിയവർ പങ്കെടുക്കും.

ഡീസെന്റ് ജംഗ്ഷനിലെ എസ്.എസ് ബിൽഡിങ്ങിൽ സംഘടിപ്പിക്കുന്ന ചടങ്ങിൽ എൻ.കെ.പ്രേമചന്ദ്രൻ എം.പി മുഖ്യതിഥിയാകും. പി.സി വിഷ്ണുനാഥ് എം.എൽ.എ ഭദ്രദീപം തെളിയിക്കും. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് സാം.കെ.ഡാനിയേൽ ആദ്യ വിൽപ്പന നടത്തും. ഇത്തിക്കര ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ബി. യശോദ, ഇത്തിക്കര ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എൽ.ജലജകുമാരി, ജില്ലാ പഞ്ചായത്ത് മെമ്പർ എസ്.സെൽവി, ബ്ലോക്ക് പഞ്ചായത്ത് മെമ്പർ സുർജിത്ത്, മുഖത്തല ബ്ലോക്ക് ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ എം.സജീവ് വിവിധ ജനപ്രതിനിധികൾ രാഷ്ട്രീയസാംസ്കാരിക രംഗത്തെ പ്രമുഖർ എന്നിവർ ചടങ്ങിൽ പങ്കെടുക്കും.

# ഇലക്ട്രീഷ്യൻമാർക്ക് സൗരോർജ്ജ നൈപുണ്യ പരിശീലനം

ഇലക്ട്രീഷ്യൻമാർക്കായി അനെർട്ട് സംഘടിപ്പിക്കുന്ന രണ്ട് ദിവസത്തെ സൗരോർജ്ജ നൈപുണ്യ പരിശീലന പരിപാടിയിലേക്ക് അപേക്ഷ ക്ഷണിച്ചു. 18 വയസു മുതൽ 60 വയസുവരെ പ്രായമുള്ളവർക്ക് അപേക്ഷിക്കാം. പത്താം ക്ലാസും ഇലക്ട്രിക്കൽ വയർമാൻ ലൈസൻസ്/ വയർമാൻ അപ്രന്റീസ്/ ഇലക്ട്രീഷ്യൻ ട്രേഡിൽ ഐ.ടി.ഐ ആണ് യോഗ്യത. അപേക്ഷകൾ ലഭിക്കുന്ന മുൻഗണനാക്രമത്തിലായിരിക്കും സീറ്റുകൾ അനുവദിക്കുക. ൦൦൦.മിലൃ.േഴീ.ശി/ീ്വല/709 എന്ന വെബ്സൈറ്റ് വഴിയാണ് അപേക്ഷിക്കേണ്ടത്. അവസാന തീയതി ഫെബ്രുവരി 28. പരിശീലന പരിപാടി പൂർത്തിയാക്കുന്നവർക്ക് അനെർട്ട് പങ്കാളിത്ത സർട്ടിഫിക്കറ്റ് നൽകുമെന്ന് ചീഫ് ടെക്നിക്കൽ ഓഫീസർ അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക് 9188119431/18004251803, ഫെബ്രുവരി 2022

# ബോധപൂർവം ഫയൽ പൂഴ്ത്തി വയ്ക്കുന്നവർക്കെതിരെ നടപടി: മന്ത്രി വീണാ ജോർജ്

സ്ത്രീകളേയും കുട്ടികളേയും സംബന്ധിച്ചുള്ള ഫയലുകൾ ബോധപൂർവം പൂഴ്ത്തിവച്ചാൽ നടപടിയുണ്ടാകുമെന്ന് ആരോഗ്യ വനിത ശിശുവികസന വകുപ്പ് മന്ത്രി വീണാ ജോർജ്. അങ്ങനെയുണ്ടായാൽ ജീവനക്കാർ കാരണം ബോധിപ്പിക്കണം. ഫയലുകൾ പെട്ടന്ന് തീർപ്പാക്കി പ്രശ്നങ്ങൾ പരിഹരിക്കുക എന്നത് എല്ലാവരുടേയും ഉത്തരവാദിത്തമാണ്. ഫയലുകളുടെ കാര്യത്തിൽ ആദ്രതയോടെയുള്ള സമീപനം സ്വീകരിക്കണം. വനിത ശിശുവികസന ഡയറക്ടറുമായും സെക്രട്ടറിയേറ്റുമായും ബന്ധപ്പെട്ട് ഫയലുകൾ കൈകാര്യം ചെയ്യുന്നതിന് ലെയ്സൺ ഓഫീസറുണ്ടാകുമെന്നും മന്ത്രി വ്യക്തമാക്കി. മാർച്ച് എട്ടിനുള്ളിൽ വനിത ശിശുവികസന വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളിലെ ഫയലുകൾ തീർപ്പാക്കുന്നതിന് സെക്രട്ടറിയേറ്റിൽ സംഘടിപ്പിച്ച പ്രത്യേക യജ്ഞത്തിൽ സംസാരിക്കുകയായിരുന്നു മന്ത്രി.

വനിത ശിശുവികസന വകുപ്പിന് കീഴിൽ വനിത കമ്മീഷൻ, ബാലാവകാശ കമ്മീഷൻ, വനിത വികസന കോർപ്പറേഷൻ, ജെൻഡർ പാർക്ക്, ശിശുക്ഷേമ സമിതി, വിവിധ ഹോമുകൾ, നിർഭയ സെൽ തുടങ്ങി നിരവധി സ്ഥാപനങ്ങളാണുള്ളത്. ഇവിടെയെല്ലാം തീർപ്പാകാതെ കിടക്കുന്ന ഫയലുകൾ അടിയന്തരമായി തീർപ്പാക്കുകയാണ് ലക്ഷ്യം. കഴിഞ്ഞ മാസം മുതലാണ് മാർച്ച് 8-ാം തീയതി ലക്ഷ്യം വച്ച് ഫയൽ തീർപ്പാക്കാനായുള്ള പരിശ്രമം തുടങ്ങിയത്. വനിത ശിശുവികസന വകുപ്പിൽ താരതമ്യേന കുറച്ച് ഫയലുകളാണ് തീർപ്പാക്കാനുള്ളത്. 2,000 ഓളം ഫയലുകളും 200 ഓളം റിപ്പോർട്ടുകളുമാണ് ഇനി തീർപ്പാക്കാനുള്ളത്. സമയബന്ധിതമായി ഓരോ ഫയലും തീർപ്പാക്കണമെന്നും മന്ത്രി നിർദേശം നൽകി.

വനിത ശിശുവികസന വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി റാണി ജോർജ്, വനിത ശിശുവികസന വകുപ്പ് ഡയറക്ടർ ടി.വി. അനുപമ, വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥർ, വിവിധ സ്ഥാപന മേധാവികൾ തുടങ്ങിയവർ ഫയൽ തീർപ്പാക്കൽ യജ്ഞത്തിൽ പങ്കെടുത്തു.

# മുപ്പതുവർഷത്തിനിടയിലെ കൊടും വരൾച്ചയിൽ എതേ്യാപ്യ

അഡിസ് അബാബ: മുപ്പതുവർഷത്തിനിടയിലെ ഏറ്റവും വലിയ വരൾച്ചയെ നേരിട്ട് എത്യോപ്യ. തെക്കുകിഴക്കൻ സൊമാലിയൻ മേഖലയിലെ ഭൂരിഭാഗം പ്രദേശങ്ങളിലും ജലാശയങ്ങൾ വറ്റിവരണ്ട അവസ്ഥയിലാണ്. ലഭ്യമാകുന്ന വെള്ളത്തിൽ ഉപ്പിന്റെ അംശം കൂടുതലായതിനാൽ മനുഷ്യർക്കും മൃഗങ്ങൾക്കും കുടിവെള്ളമായും ഉപയോഗിക്കാൻ കഴിയുന്നില്ല. കഴിഞ്ഞ വർഷം മുതൽ മഴ ലഭിക്കാത്തതിനാൽ പല കിണറുകളുൾപ്പെടെയുള്ള ജലാശയങ്ങൾ വറ്റിയ നിലയിലാണ്. വരൾച്ച ബാധിത പ്രദേശങ്ങളിൽ നിന്ന് ആളുകൾ കൂട്ടത്തോടെ പാലായനം ചെയ്യുകയാണ്. സൊമാലിയൻ പ്രദേശങ്ങൾ സ്വതവേ വരണ്ട മേഖലയായതിനാലും സാധാരണയായി ലഭിക്കാറുള്ള മഴയുടെ അഭാവവുമാണ് രൂക്ഷമായ വരൾച്ചയിലേക്കെത്തിച്ചത്. ചെടികളുൾപ്പെടെ വളരാത്തതിനാൽ ഭക്ഷണവും വെള്ളവും ലഭിക്കാതെ അസഹ്യമായ ചൂടിൽ കന്നുകാലികളും ചത്തൊടുങ്ങുകയാണ്. കന്നുകാലികളുടെ ശവശരീരങ്ങൾ വഴിയോരങ്ങളിൽ കാണപ്പെടുന്ന അവസ്ഥയ്ക്കാണ് എത്യോപ്യ സാക്ഷ്യം വഹിക്കുന്നത്. കന്നുകാലി പരിപാലനം പ്രധാന തൊഴിലായ പ്രദേശങ്ങളിൽ മൃഗങ്ങൾ ചത്തൊടുങ്ങുന്നത് ഉപജീവന മാർഗത്തെയും ബാധിക്കുന്നുണ്ട്.

സൊമാലിയ, ഒറോമിയ പ്രദേശങ്ങൾ ഉൾപ്പെടുന്ന എത്യോപ്യയുടെ താഴ്ന്ന പ്രദേശങ്ങളിലെ വരൾച്ച, കുട്ടികളിൽ ഗുരുതര പോഷകാഹാരക്കുറവ് വർധിക്കാൻ കാരണമാകുന്നതെന്ന് യുണിസെഫിന്റെ റിപ്പോർട്ടിൽ പറയുന്നുണ്ട്. വരൾച്ച ബാധിത പ്രദേശങ്ങളിലെ 6.8 ദശലക്ഷം ആളുകൾക്ക് 2022 മാർച്ച് പകുതിയോടെ അടിയന്തര സഹായം ആവശ്യമായി വരുമെന്നും യുണിസെഫ് പറയുന്നു. എത്യോപ്യയിലെ വരൾച്ച ബാധിത പ്രദേശങ്ങളെ സഹായിക്കാൻ യുണിസെഫ് 31 ദശലക്ഷം ഡോളറിന്റെ സഹായം അഭ്യർത്ഥിച്ചിട്ടുണ്ടെങ്കിലും നാലിലൊന്ന് മാത്രമാണ് ഇതുവരെ ലഭിച്ചത്. ടിഗ്രേ സംഘർഷം ഉൾപ്പെടെയുള്ള ആഭ്യന്തര പ്രതിസന്ധികളും സഹായ സംഭാവനകൾ മന്ദഗതിയിലാകാനുള്ള കാരണമായി ചൂണ്ടിക്കാട്ടുന്നുണ്ട്.

# ശുചിത്വ കേരളത്തിനായി പ്രാദേശിക സർക്കാരുകളുടെ ഇടപെടൽ അനിവാര്യം: മന്ത്രി വി. ശിവൻകുട്ടി

ശുചിത്വ കേരളമെന്ന വലിയ ലക്ഷ്യത്തിന് പ്രാദേശിക സർക്കാരുകളുടെ സഹകരണം അനിവാര്യമാണെന്ന് വിദ്യാഭ്യാസതൊഴിൽ വകുപ്പ് മന്ത്രി വി. ശിവൻകുട്ടി. നവീകരിച്ച ഏരൂർ മാർക്കറ്റിന്റെയും ലൈഫ് ഭവന പദ്ധതിയുടെയും ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു അദ്ദേഹം.

ശരിയായ രീതിയിലുള്ള ഖരമാലിന്യ സംസ്കരണത്തിൽ ജില്ലയിലെ 10 മികച്ച കേന്ദ്രങ്ങളിൽ ഒന്നാണ് ഏരൂർ ഗ്രാമപഞ്ചായത്ത്. ശുചിത്വം ഉറപ്പാക്കുന്നതിൽ മാതൃകയാണ് ഏരൂർ പഞ്ചായത്തിന്റെ പ്രവർത്തനങ്ങളെന്നും മന്ത്രി പറഞ്ഞു. 30 ലക്ഷം രൂപ ചെലവഴിച്ചാണ് മാർക്കറ്റ് നവീകരിച്ചത്.

ലൈഫ് ഭവന പദ്ധതിയിലൂടെ 108 പേർക്കാണ് വീട് ലഭിച്ചത്. ഇതിൽ 25 പേർക്കും വീടും വസ്തുവും പദ്ധതിയിൽ ഉൾപെടുത്തി നൽകി. പുതുതായി ലഭിച്ചിട്ടുള്ള അപേക്ഷകളും പരിഗണിച്ചു അർഹരായ എല്ലാവർക്കും വീട് നൽകുമെന്നും മന്ത്രി കൂട്ടിച്ചേർത്തു.

പി. എസ്. സുപാൽ എം. എൽ. എ അധ്യക്ഷനായി. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് സാം കെ. ഡാനിയൽ ലൈഫ് ഭവന പദ്ധതി സാക്ഷ്യപത്ര വിതരണം നടത്തി. അഞ്ചൽ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് രാധാ രാജേന്ദ്രൻ എം.സി.എഫ്. കെട്ടിടം ഉദ്ഘാടനം ചെയ്തു. കശുവണ്ടി വികസന കോർപറേഷൻ ചെയർമാൻ എസ്. ജയമോഹനൻ ആരോഗ്യ പ്രവർത്തകരെ ആദരിച്ചു. ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് എം. മനീഷ് ഹരിത കർമസേന ഓഫീസ് ഉദ്ഘാടനം ചെയ്തു.

ഏരൂർ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ടി. അജയൻ, വൈസ് പ്രസിഡന്റ് ചിന്നു വിനോദ്, ജില്ലാ പഞ്ചായത്ത് അംഗങ്ങളായ സി. അംബികാ കുമാരി, കെ. ഷാജി തുടങ്ങിയവർ പങ്കെടുത്തു.

# സഹകരണ നിക്ഷേപ സമാഹരണ യജ്ഞത്തിന് തുടക്കം

സഹകരണ മേഖലയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും യോജിച്ച് പ്രവർത്തനങ്ങൾ നടത്തും: മന്ത്രി

തിരുവനന്തപുരം: സഹകരണ മേഖലയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും യോജിച്ച് ഗ്രാമീണ അന്തരീക്ഷത്തിന്റെ പുരോഗതിക്കുള്ള പ്രവർത്തനങ്ങൾ നടത്തുമെന്ന് സഹകരണ മന്ത്രി വി എൻ വാസവൻ. നിക്ഷേപ സമാഹരണ യജ്ഞവും സഹകരണ സമാശ്വാസ ധനസഹായത്തിന്റെ വിതരണവും ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

ഗ്രാമീണ മേഖലയിലെ നാനാതുറകളിലുള്ള പദ്ധതികൾ ഏറ്റെടുക്കാനാണ് ശ്രമിക്കുന്നത്. ബജറ്റ് വിഹിതം ലഭിച്ചില്ലെങ്കിൽ തദ്ദേശ സ്ഥാപനങ്ങൾക്ക് ആവശ്യമായ സഹായങ്ങൾ നൽകി പദ്ധതികൾ നടപ്പിലാക്കാനാണ് ശ്രമിക്കുന്നത്. കാർഷിക മേഖലയിൽ ഉല്പന്നങ്ങൾ ഏറ്റെടുത്ത് മൂല്യവർധിത ഉല്പന്നങ്ങളാക്കി മാറ്റി വിപണി കണ്ടെത്തുകയും പ്രാദേശികമായ ഉന്നമനം ഉറപ്പാക്കുകയും ചെയ്യും. ഏതു പ്രതിസന്ധിഘട്ടത്തിലും ആദ്യം സഹായവുമായി എത്തുന്നത് സഹകരണ മേഖലയാണ്. അതുകൊണ്ടു തന്നെ ആർക്കും തകർക്കാൻ കഴിയാത്ത ജനകീയ അടിത്തറ സഹകരണ മേഖലയ്ക്കുണ്ട്.

ചില ഒറ്റപ്പെട്ട സംഭവങ്ങൾ സഹകരണ മേഖലയിൽ നടക്കുന്നുണ്ട്. ഇതിനെ സാമാന്യവൽക്കരിച്ച് സഹകരണ മേഖലയ്ക്കെതിരെ വലിയ പ്രചാരണങ്ങൾ നടന്നു. ഇതിനെ സംയമനത്തോടെ നേരിട്ട് സഹകാരികൾ അതിജീവിക്കുകയായിരുന്നു. കണക്കുകൾ പരിശോധിക്കാനും അത് പൊതു സമൂഹത്തെ ബോധ്യപ്പെടുത്താനുമുള്ള സംവിധാനം ഇപ്പോൾ നിലവിൽ വന്നു. കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ ഓഫീസിൽ നിന്നുള്ള ഉദ്യോഗസ്ഥ ഓഡിറ്റ് ഡയറക്ടറായി ഓഡിറ്റിങ് സംവിധാനം നിലവിൽ വന്നു കഴിഞ്ഞു. സുതാര്യമായ നടപടികളിലൂടെ മുന്നോട്ടു പോകുകയാണ് സഹകരണ മേഖലയെന്നും അദ്ദേഹം പറഞ്ഞു. ആദ്യ നിക്ഷേപങ്ങൾ വേദിയിൽ മന്ത്രി ഏറ്റു വാങ്ങി.

സഹകരണ അംഗ സമാശ്വാസ നിധി സഹായധന വിതരണവും മന്ത്രി നിർവഹിച്ചു. ചടങ്ങിൽ ഗതാഗത മന്ത്രി ആന്റണി രാജു അധ്യക്ഷനായിരുന്നു. സഹകരണ വകുപ്പ് സെക്രട്ടറി മിനി ആന്റണി സ്വാഗതവും സഹകരണ രജിസ്ട്രാർ പി ബി നൂഹ് കൃതജ്ഞതയും പറഞ്ഞു. സഹകരണ യൂണിയൻ ചെയർമാൻ കോലിയക്കോട് കൃഷ്ണൻ നായർ മുഖ്യപ്രഭാഷണം നടത്തി. പ്രാഥമിക സഹകരണ സംഘം അസോസിയേഷൻ പ്രസിഡന്റ് വി ജോയ് എംഎൽഎ, സഹകരണ പെൻഷൻ ബോർഡ് ചെയർമാൻ തിലകൻ, കേരള ബാങ്ക് പ്രതിനിധി പി എസ് രാജൻ, ഓഡിറ്റ് ഡയറക്ടർ എം എസ് ഷെറിൻ എന്നിവർ സംസാരിച്ചു.

# ഗസ്റ്റ് ഇൻസ്ട്രക്ടറെ നിയമിക്കുന്നു

തിരുവനന്തപുരം ചാക്ക ഗവ. ഐ.ടി.ഐയിൽ കമ്പ്യൂട്ടർ ഓപ്പറേറ്റിംഗ് പ്രോഗ്രാമിങ് അസിസ്റ്റന്റ് (ഇഛഋ ജഅ), വെൽഡർ, അരിത്തമാറ്റിക് കം ഡ്രോയിങ് (അ ഇഉ) എന്നീ ട്രേഡുകളിൽ ജൂനിയർ ഇൻസ്ട്രക്ടർമാരുടെ ഒഴിവുകളിൽ താത്കാലിക ഗസ്റ്റ് ഇൻസ്ട്രക്ടർമാരായി നിയമിക്കുന്നതിന് 28ന് രാവിലെ 10.30ന് അസൽ സർട്ടിഫിക്കറ്റുമായി ചാക്ക ഗവ. ഐ.ടി.ഐ പ്രിൻസിപ്പൽ മുമ്പാകെ ഇന്റർവ്യൂവിന് ഹാജരാകണം. എസ്.എസ്.എൽ.സി, ബന്ധപ്പെട്ട ട്രേഡിൽ എൻ.ടി.സിയും മൂന്ന് വർഷത്തെ പ്രവൃത്തിപരിചയവും, അല്ലെങ്കിൽ എൻ.എ.സിയും ഒരു വർഷത്തെ പ്രവൃത്തിപരിചയവും, അല്ലെങ്കിൽ ബന്ധപ്പെട്ട ട്രേഡിൽ എൻജിനിയറിങ് ഡിപ്ലോമ/ ഡിഗ്രി ആണ് യോഗ്യത.

# തേക്ക് തടി വിൽപന

ഗാർഹികാവശ്യങ്ങൾക്കുള്ള തേക്ക് തടിയുടെ ചില്ലറ വിൽപന കുളത്തുപ്പുഴ, തെൻമല, ആര്യങ്കാവ് സർക്കാർ തടി ഡിപ്പോകളിൽ മാർച്ച് 14 മുതൽ ആരംഭിക്കും. ഒരാൾക്ക് പരമാവധി അഞ്ച് ക്യുബിക് മീറ്റർ തടിയാണ് ലഭ്യമാക്കുക. വീട് നിർമ്മാണത്തിനുള്ള അംഗീകൃത പ്ലാൻ, അനുമതി, സ്കെച്ച് എന്നിവയുടെ പകർപ്പ്, തിരിച്ചറിയിൽകാർഡ്, പാൻ കാർഡ് എന്നിവ ഹാജരാക്കി തേക്കു തടി വാങ്ങാം. എല്ലാ പ്രവൃത്തി ദിവസങ്ങളിലും രാവിലെ 10 മുതൽ അഞ്ചുവരെയാണ് വിൽപന.

# വാക്ക് – ഇൻ ഇന്റർവ്യൂ

കേരള സർക്കാർ സാമൂഹ്യനീതി വകുപ്പിന്റെ കീഴിൽ ഗാർഹികാതിക്രമത്തിൽ നിന്നും സ്ത്രീകളെ സംരക്ഷിക്കുന്ന നിയമ പ്രകാരം പ്രവർത്തിക്കുന്ന ജില്ലാ വനിതാ പ്രൊട്ടക്ഷൻ ഓഫീസർമാരെ സഹായിക്കുന്ന മെസ്സഞ്ചർ തസ്തികയിൽ തൃശൂർ ജില്ലയിൽ നിലവിലുള്ള ഒഴിവിൽ സ്ത്രീ ഉദ്യോഗാർഥികളെ വാക്ക്-ഇൻ-ഇന്റർവ്യൂ നടത്തും.

പത്താം ക്ലാസ് പാസായിരിക്കണം. 25നും 45നും ഇടയിലാവണം പ്രായം. സമാന ജോലിയിൽ പ്രവൃത്തിപരിചയവും ജില്ലയിലുടനീളം യാത്ര ചെയ്യാനുള്ള കഴിവും അഭികാമ്യം.

താത്പര്യമുള്ളവർ വെള്ളപേപ്പറിൽ തയ്യാറാക്കിയ അപേക്ഷ, സർട്ടിഫിക്കറ്റുകളുടെ കോപ്പി, ഒറിജിനൽ സർട്ടിഫിക്കറ്റുകൾ എന്നിവ സഹിതം മാർച്ച് 9ന് രാവിലെ 11ന് തൃശൂർ കളക്ട്രേറ്റ് കോൺഫറൻസ് ഹാളിൽ ഹാജരാകണം. കൂടുതൽ വിവരങ്ങൾക്ക്: സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ, കേരള മഹിള സമഖ്യ സൊസൈറ്റി, റ്റി.സി. 20/ 1652, കല്പന, കുഞ്ചാലുംമൂട്, കരമന.പി.ഒ, തിരുവനന്തപുരം, ഫോൺ: 0471-2348666.

# സ്പോർട്സ് കൗൺസിൽ: തിരഞ്ഞെടുപ്പ് രജിസ്ട്രേഷൻ 15നകം പൂർത്തിയാക്കണം

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സ്പോർട്സ് കൗൺസിലുകളിൽ അംഗങ്ങളായി പ്രവർത്തിക്കുന്നതിനുള്ള രജിസ്ട്രേഷൻ പുതുക്കുകയോ പുതിയ രജിസ്ട്രേഷൻ നടത്തുകയോ വേണം. ക്ലബുകളും സംഘടനകളും പ്രവർത്തിക്കുന്ന ജില്ലയിലെ ജില്ലാ സ്പോർട്സ് കൗൺസിൽ നേരിട്ടോ രജിസ്ട്രേഡ് തപാലിലോ ഫോം എച്ച് മുഖേന 500 രൂപ ഫീസ് ഉൾപ്പെടെ രജിസ്റ്റർ ചെയ്യണം. ഏപ്രിലിൽ നടക്കുന്ന തിരഞ്ഞെടുപ്പിന് മാർച്ച് 15നകം രജിസ്ട്രേഷൻ പൂർത്തിയാക്കണം. വിശദവിവരം ജില്ലാ സ്പോർട്സ് കൗൺസിലിൽ ലഭിക്കും.

# റൂസയിൽ താത്കാലിക ഒഴിവ്

ഉന്നത വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സംസ്ഥാന റൂസാ കാര്യാലയത്തിൽ ടാലി ഡേറ്റ എൻട്രി ഓപ്പറേറ്ററുടെ ഒരു ഒഴിവിലേക്ക് ദിവസവേതനാടിസ്ഥാനത്തിൽ (755 രൂപ പ്രതിദിനം) ഒരു വർഷത്തെ കരാർ നിയമനത്തിന് കേരള/ കേന്ദ്ര സർക്കാർ സ്ഥാപനങ്ങളിൽ സമാന തസ്തികയിൽ രൺണ്ട് വർഷത്തിൽ കുറയാത്ത പ്രവൃത്തിപരിചയമുള്ള 22നും 40നും മദ്ധ്യേ പ്രായമുള്ള എം.കോമും ടാലിയും യോഗ്യതയുള്ളവരിൽ നിന്ന് അപേക്ഷ ക്ഷണിച്ചു. ഫോൺ: 0471-2303036.




ദേശീയപാത നഷ്ടപരിഹാരത്തുക വിതരണം അതിവേഗത്തിലാക്കിയതിനുള്ള നാഷണൽ ഹൈവേ അതോറിറ്റിയുടെ ഉപഹാരം ജില്ലാ കലക്ടർ അഫ്സാന പർവീൺ സ്വീകരിക്കുന്നു

# സ്പോർട്സ് ഹോസ്റ്റൽ സെലക്ഷൻ മാർച്ച് 2 മുതൽ

കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ കീഴിൽ വിവിധ ജില്ലകളിൽ പ്രവർത്തിക്കുന്ന സ്പോർട്സ് ഹോസ്റ്റലുകൾ, എലൈറ്റ്, ഓപ്പറേഷൻ ഒളിമ്പിയ സ്കീമുകളിൽ 202223 അധ്യയന വർഷത്തേക്കുള്ള ജില്ലാതല, സോണൽ സെലക്ഷൻ മാർച്ച് രണ്ടു മുതൽ 15 വരെ നടക്കും.

202223 അധ്യയന വർഷത്തെ ഏഴ്, എട്ട് ക്ലാസുകളിലേക്കും പ്ലസ് വൺ, കോളേജ് ഡിഗ്രി ഒന്നാം വർഷത്തേക്കുമാണ് കായികതാരങ്ങളെ തിരഞ്ഞെടുക്കുന്നത്.

ബാസ്കറ്റ് ബോൾ, സ്വിമ്മിങ്, ബോക്സിങ്, ജൂഡോ, ഫെൻസിങ്, ആർച്ചറി, റസ്ലിങ്, തയ്ക്വാണ്ടോ, സൈക്ലിങ്, നെറ്റ്ബാൾ, കബഡി, ഖോഖോ, കനോയിങ് കയാക്കിങ്, റോവിങ്, ഹോക്കി (പെൺകുട്ടികൾക്ക് സ്കൂൾ, പ്ലസ് വൺ അക്കാഡമികളിലേക്ക് മാത്രം), ഹാൻഡ് ബോൾ (പെൺകുട്ടികൾക്ക് സ്കൂൾ, പ്ലസ് വൺ അക്കാഡമികളിലേക്ക് മാത്രം), എന്നീ കായികയിനങ്ങളിലാണ് സോണൽ സെലക്ഷൻ നടക്കുക. സെലക്ഷൻ സമയക്രമം: മാർച്ച് 2, 3 തീയതികളിൽ കാസർഗോഡ്, കണ്ണൂർ, വയനാട് ജില്ലകളിലെ കുട്ടികൾക്കായി കണ്ണൂർ പോലീസ് സ്റ്റേഡിയത്തിൽ സെലക്ഷൻ ട്രയൽസ് നടത്തും. കോഴിക്കോട്, മലപ്പുറം, വയനാട് ജില്ലകളിലെ കുട്ടികൾക്കായി 4, 5 തീയതികളിൽ കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ നടക്കും. പാലക്കാട്, തൃശ്ശൂർ ജില്ലകളിലെ കുട്ടികൾക്കായി 7, 8 തീയതികളിൽ തൃശ്ശൂർ കോർപ്പറേഷൻ സ്റ്റേഡിയത്തിൽ നടത്തും. എറണാകുളം, ആലപ്പുഴ ജില്ലകളിലെ കുട്ടികൾക്കായി 9, 10 തീയതികളിൽ എറണാകുളം മഹാരാജാസ് കോളേജ് ഗ്രൗണ്ടിൽ നടത്തും. കോട്ടയം, ഇടുക്കി, പത്തനംതിട്ട ജില്ലകളിലെ കുട്ടികൾക്ക് 11, 12 തീയതികളിൽ കോട്ടയം പാല മുനിസിപ്പൽ സ്റ്റേഡിയത്തിൽ നടത്തും. പത്തനംതിട്ട, കൊല്ലം, തിരുവനന്തപുരം ജില്ലകളിലെ കുട്ടികൾക്ക് 14, 15 തീയതികളിൽ തിരുവനന്തപുരം യൂണിവേഴ്സിറ്റി സ്റ്റേഡിയത്തിൽ നടത്തും.

അത്‌ലറ്റിക്സ്, ഫുട്ബോൾ, വോളീബോൾ എന്നീ കായികയിനങ്ങളിൽ ജില്ലാതല സെലക്ഷൻ നടത്തും. സെലക്ഷൻ സമയക്രമം:

മാർച്ച് 2 ന് തിരുവനന്തപുരം ജില്ലയിലെ കുട്ടികൾക്കായി യൂണിവേഴ്സിറ്റി സ്റ്റേഡിയത്തിലും കൊല്ലം, പത്തനംതിട്ട ജില്ലകളിലെ കുട്ടികൾക്കായി 3 ന് കൊല്ലം എസ്.എൻ കോളേജിലും എറണാകുളം, ആലപ്പുഴ ജില്ലകളിലെ കുട്ടികൾക്ക് 4 ന് എറണാകുളം മഹാരാജാസ് കോളേജ് സ്റ്റേഡിയത്തിലും നടത്തും. കോട്ടയം, ഇടുക്കി ജില്ലകളിലെ കുട്ടികൾക്ക് 5 ന് കോട്ടയം പാല മുൻസിപ്പൽ സ്റ്റേഡിയത്തിലും പാലക്കാട്, തൃശ്ശൂർ ജില്ലകളിലെ കുട്ടികൾക്ക് 7 ന് പാലക്കാട് മെഡിക്കൽ കോളേജ് ഗ്രൗണ്ടിലും മലപ്പുറം ജില്ലയിലെ കുട്ടികൾക്ക് 8 ന് കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ നടത്തും. കോഴിക്കോട് ജില്ലയിലെ കുട്ടികൾക്ക് 9 ന് കോഴിക്കോട് മെഡിക്കൽ കോളേജ് ഗ്രൗണ്ടിലും വയനാട് ജില്ലകളിലെ കുട്ടികൾക്ക് 11 ന് വയനാട് മീനങ്ങാടി പഞ്ചായത്ത് ഗ്രൗണ്ടിലും കണ്ണൂർ ജില്ലയിലെ കുട്ടികൾക്ക് 12 ന് കണ്ണൂർ പോലീസ് സ്റ്റേഡിയത്തിലും കാസർഗോഡ് ജില്ലയിലെ കുട്ടികൾക്ക് 14 ന് നീലേശ്വരം ഇ.എം.എസ് സ്റ്റേഡിയത്തിലും നടത്തും.

# ഡോക്ടറാകും മുമ്പ് ആരോഗ്യ മന്ത്രിയെ കാണാൻ നാഗമനയിലെ ഉണ്ണിയെത്തി

ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജിനെ കാണാൻ വയനാട് അപ്പപ്പാറ നാഗമന കോളനിയിലെ ഉണ്ണിയെത്തി. എറണാകുളം മെഡിക്കൽ കോളേജിലെ എംബിബിഎസ് വിദ്യാർഥിയാണ് ഉണ്ണി. അഖിലേന്ത്യാ മെഡിക്കൽ എൻട്രൻസ് പരീക്ഷയിൽ പട്ടികവർഗ വിഭാഗത്തിൽ നിന്നും ഒൻപതാം റാങ്കാണ് ഉണ്ണി നേടിയത്. നാഗമനയിലെ ആദ്യ ഡോക്ടറാകാൻ തയ്യാറെടുക്കുന്നതിനിടെയാണ് മന്ത്രിയെ കാണാൻ ഉണ്ണി തിരുവനന്തപുരത്തെത്തിയത്. ലോക്കൽ ഗാർഡിയനായ ഔസേപ്പച്ചനും കൂടെയുണ്ടായിരുന്നു. ജീവിത പ്രതിസന്ധികളോട് പൊരുതിക്കയറിയ ഉണ്ണി ഒരു കലാകാരൻ കൂടിയാണ്. ഉണ്ണിയ്ക്ക് മന്ത്രി വീണാ ജോർജ് എല്ലാ ആശംസകളും നേർന്നു. ഉണ്ണിയുടെ പ്രയത്നവും സമർപ്പണവും സമൂഹത്തിന് മാതൃകാപരമാണെന്ന് മന്ത്രി പറഞ്ഞു.

# ചിത്രയുടെ രഹസ്യയോഗി ആനന്ദ് സുബ്രഹ്മണ്യൻ

ന്യൂഡൽഹി: നാഷണൽ സ്റ്റോക്ക് എക്സ്ചേഞ്ച് (എൻഎസ്ഇ) മുൻ മേധാവി ചിത്ര രാമകൃഷ്ണ രഹസ്യം കൈമാറിയ ഹിമാലയൻ യോഗി എൻഎസ്ഇ മുൻ ചീഫ് ഓപ്പറേറ്റിംഗ് ഓഫീസറായ (സിഇഒ) ആനന്ദ് സുബ്രഹ്മണ്യൻ. ആനന്ദ് സുബ്രഹ്മണ്യനാണ് ചിത്ര രാമകൃഷ്ണയുമായി ഇമെയിൽ വഴി ആശയവിനിമയം നടത്തിയ യോഗിയെന്ന് സിബിഐ വൃത്തങ്ങൾ അറിയിച്ചു.

ഇയാളെ ഇന്നലെ സിബിഐ അറസ്റ്റ് ചെയ്തിരുന്നു. സ്റ്റോക്ക് മാർക്കറ്റ് കൃത്രിമം സംബന്ധിച്ച കോ ലൊക്കേഷൻ കേസിലാണ് ആനന്ദ് സുബ്രഹ്മണ്യൻ അറസ്റ്റിലായത്. ഇരുവരും ഇമെയിൽ വഴി ആശയവിനിമയം നടത്തിയെന്നാണ് സിബിഐ പറയുന്നത്.

ഇമെയിലിലൂടെയാണ് യോഗിയാണെന്ന് ഇയാൾ അവകാശപ്പെട്ടതെന്ന് സിബിഐ പറയുന്നു. ൃശഴ്യമഷൗൃമൊa@ou-tloo-k.com എന്ന മെയിൽ ഐഡി സൃഷ്ടിച്ചതിന് തെളിവുണ്ടെന്നും ഏജൻസി പറഞ്ഞു. 2013 നും 2016 നും ഇടയിൽ r-c-h-tir-a@i-c-lou-d.com എന്ന മെയിൽ ഐഡിയിൽ നിന്ന് ൃശഴ്യമഷൗൃമൊമ@ീൗഹേീീസ.രീ എന്നതിലേക്ക് ചിത്ര രാമകൃഷ്ണ എൻഎസ്ഇയുമായി ബന്ധപ്പെട്ട രഹസ്യ വിവരങ്ങൾ അയച്ചു നൽകി.

കഴിഞ്ഞയാഴ്ച നാല് ദിവസം ആനന്ദ് സുബ്രഹ്മണ്യനെ സിബിഐ ചോദ്യം ചെയ്തിരുന്നു. വ്യാഴാഴ്ച രാത്രി 11 ന് ചെന്നൈയിൽ വച്ചാണ് ഇയാളെ അറസ്റ്റ് ചെയ്തത്. അന്വേഷണവുമായി ആനന്ദ് സഹകരിക്കുന്നില്ലെന്നും സിബിഐ പറയുന്നു.

2014 മുതൽ 2016 വരെയുള്ള കാലയളവിൽ എൻഎസ്ഇയുടെ പല തീരുമാനങ്ങളെടുത്തത് വിവാദ യോഗിയുടെ നിർദേശപ്രകാരമായിരുന്നെന്ന് ചിത്ര മൊഴി നൽകിയിരുന്നു.

## ദുരിതാശ്വാസനിധി: മുഖ്യമന്ത്രിയെ മാത്രം എങ്ങനെ ക്രൂശിക്കാൻ കഴിയുമെന്ന് ലോകായുക്ത

തിരുവനന്തപുരം: മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നു പണം നൽകാൻ മന്ത്രിസഭ തീരുമാനമെടുത്താൽ മുഖ്യമന്ത്രി സ്വജന പക്ഷപാതം നടത്തിയെന്ന് എങ്ങനെ പറയാൻ കഴിയുമെന്നു ലോകായുക്ത ജസ്റ്റീസ് സിറിയക് ജോസഫ്. ആരോപണം തെളിയിക്കുവാൻ തക്ക രേഖകളോ കോടതി ഉത്തരവുകളോ ഉണ്ടോയെന്നും ലോകായുക്ത ആരാഞ്ഞു. പരാതിക്കാരൻ കാകദൃഷ്ടിയോടെ സംഭവങ്ങൾ കാണരുതെന്നും കൂട്ടിച്ചേർത്തു.

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലെ പണം ചട്ടം മറികടന്ന് സർക്കാർ വേണ്ടപ്പെട്ടവർക്കു നൽകിയെന്ന കേസ് പരിഗണിക്കുകയായിരുന്നു ലോകായുക്ത. കേസിന്റെ തുടർവാദം മാർച്ച് മൂന്നിനു നടക്കും.

സിപിഎം സംസ്ഥാന സെക്രട്ടറിയുടെ വാഹനത്തിന് അകമ്പടി പോകുന്നതിനിടയിൽ അപകടത്തിൽ മരണപ്പെട്ട പ്രവീൺ എന്ന പോലീസ് ഉദ്യോഗസ്ഥൻ ഔദ്യോഗിക കൃത്യനിർവഹണത്തിനിടയിലാണ് മരണപ്പെട്ടതെന്നു ലോകായുക്ത ചൂണ്ടിക്കാട്ടി.

## നിയമസഭയിൽ പൊതുജനങ്ങൾക്കു പ്രവേശനം

നിയമസഭ സമുച്ചയം ഗാലറികൾ, നിയമസഭ മ്യൂസിയം എന്നിവിടങ്ങളിൽ പൊതുജനങ്ങൾക്ക് കോവിഡ് മാനദണ്ഡങ്ങൾക്ക് വിധേയമായി പ്രവേശനനുമതി പുനരാരംഭിച്ചതായി നിയമസഭാ സെക്രട്ടറി അറിയിച്ചു.

# ചൈനയുമായുള്ള ബന്ധം മോശം അവസ്ഥയിലെന്ന് ഇന്ത്യ

ന്യൂഡൽഹി: ഇന്ത്യ ചൈന ബന്ധം ഏറ്റവും മോശം അവസ്ഥയിലാണെന്ന് കേന്ദ്ര വിദേശകാര്യമന്ത്രി എസ് ജയ്ശങ്കർ. അതിർത്തിയിലെ സംഘർഷത്തിൽ നിരന്തരം ചൈന വാക്ക് പാലിക്കാതിരിക്കുന്നതാണ് പ്രധാനപ്രശ്!നമെന്നും മ്യൂണിച്ച് സെക്യൂരിറ്റി കോൺഫ്രൻസ് 2022 പാനൽ ചർച്ചയിൽ സംസാരിക്കുകവെ അദ്ദേഹം പറഞ്ഞു. ഇന്ത്യയും ചൈനയും തമ്മിൽ പ്രശ്നങ്ങൾ നിലനിൽക്കുന്നതായും മന്ത്രി കൂട്ടിച്ചേർത്തു.

45 വർഷമായി അതിർത്തിയിൽ സമാധാനം നിലനിന്നിരുന്നു, സന്തുലിതമായിരുന്നു കാര്യങ്ങൾ. 1975 മുതൽ അതിർത്തിയിൽ സൈനികർക്ക് നേരെ ആക്രമണമുണ്ടായിരുന്നില്ല. അതിർത്തിയിൽ സൈനികർക്ക് നേരെ ആക്രമണമുണ്ടായിരുന്നില്ല. പക്ഷേ ഇന്ന് അതെല്ലാം മാറിയിരിക്കുന്നു. യഥാർഥ നിയന്ത്രണ രേഖയിൽ ഒരു കാരണവശാലും സൈനികരെ വിന്യസിക്കരുതെന്നായിരുന്നു ഇന്ത്യയും ചൈനയും തമ്മിലുണ്ടായിരുന്ന ഉടമ്പടി. ഇക്കാര്യം ചൈന ലംഘിച്ചുവെന്നും ജയ്ശങ്കർ പറഞ്ഞു.

ചൈന ഇത്തരം ഒരു ഉടമ്പടി ലംഘിക്കുമ്പോൾ പ്രതിസന്ധിയിലാകുന്നത് രാജ്യന്തര സമൂഹമാണ്. ഇന്തോ പസഫിക് മേഖലയിലും ഇന്ത്യ വെല്ലുവിളി നേരിടുകയാണെന്ന് അദ്ദേഹം പറഞ്ഞു. അതിനാൽ തന്നെ ചൈനയുമായുള്ള ഇന്ത്യയുടെ ബന്ധം ഏറ്റവും മോശം അവസ്ഥയിലൂടെയാണ് കടന്നുപോകുന്നത് എന്നും മന്ത്രി കൂട്ടിച്ചേർത്തു.

## പൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പിന്റെ ആഭ്യന്തര പരിശോധനാ അദാലത്തിന് തുടക്കമായി

കോഴിക്കോട്: ഭക്ഷ്യ പൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പിനു കീഴിലുള്ള ഓഫീസുകളിലെ ആഭ്യന്തര പരിശോധനാ അദാലത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം നടന്നു. താലൂക്ക് കോൺഫറൻസ് ഹാളിൽ നടന്ന ചടങ്ങ് പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മിഷണർ ഡോ. ഡി സജിത് ബാബു ഉദ്ഘാടനം ചെയ്തു. മുഖ്യമന്ത്രിയുടെ നൂറുദിന കർമ്മ പരിപാടിയുടെ ഭാഗമായുള്ള അദാലത്തിൽ കോഴിക്കോട് ജില്ലയിലെ ഒമ്പത് ഓഫീസുകളിലെ ആഭ്യന്തര പരിശോധനയ്ക്കാണ് ഇന്നലെ തുടക്കമായത്.

കേരളത്തിലെ 101 സിവിൽ സപ്ലൈസ് ഓഫീസുകളിലെ ആഭ്യന്തര ഓഡിറ്റ് മാർച്ച് 31 നകം പൂർത്തിയാക്കും. ഇവയെ ജൂലൈ ഒന്നിനകം നൂറു ശതമാനം ക്ലീൻ ഓഫീസുകളാക്കി മാറ്റും. കൃത്യമായ മോണിറ്ററിങ്ങോടു കൂടി നടക്കുന്ന ഓഡിറ്റിൽ കണ്ടെത്തുന്ന തെറ്റുകൾ തിരുത്തി വകുപ്പിലെ എല്ലാ ഓഫീസുകളിലും ഏറ്റവും നല്ല ആഭ്യന്തര സംവിധാനം ഉണ്ടാക്കിയെടുക്കുക എന്നതാണ് ഓഡിറ്റ് ലക്ഷ്യം വയ്ക്കുന്നത്. തെറ്റ് കണ്ടുപിടിക്കലല്ല, തെറ്റുകളുണ്ടെങ്കിൽ അത് തിരുത്തുന്നതിനാണ് അദാലത്ത് സംഘടിപ്പിക്കുന്നത്. ഓഫീസുകളിലെ പ്രവർത്തനത്തിന്റെ സുതാര്യവും കാര്യക്ഷമവുമായ മാറ്റം പൊതുജനങ്ങൾക്ക് മെച്ചപ്പെട്ട സേവനങ്ങൾ ലഭ്യമാക്കുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ജില്ലാ സപ്ലൈ ഓഫീസർ കെ രാജീവ് സ്വാഗതം പറഞ്ഞു. ഉത്തര മേഖലാ റേഷനിങ് ഡെപ്യൂട്ടി കൺട്രോളർ കെ മനോജ് കുമാർ അധ്യക്ഷത വഹിച്ചു. ചീഫ് അക്കൗണ്ട്സ് ഓഫീസർ വി സുഭാഷ് ഓഡിറ്റ് പ്രക്രിയ വിശദീകരിച്ചു. ജില്ലാ സപ്ലൈ ഓഫീസ് സീനിയർ സൂപ്രണ്ട് വി കുമാരിലത നന്ദി പറഞ്ഞു.

# ആർ പി എല്ലിന്റെ നേതൃത്വത്തിൽ കമ്പനി രൂപീകരിച്ച് റബ്ബറധിഷ്ഠിത ഉത്പന്നങ്ങൾ ഉത്പാദിപ്പിച്ച് കമ്പോളത്തിലിറക്കാൻ സാധ്യതാ പഠനം നടത്തും

ആർ. പി. എൽ. ഉദ്യോഗസ്ഥരുമായും തൊഴിലാളി സംഘടനാ പ്രതിനിധികളുമായും മന്ത്രി വി. ശിവൻകുട്ടി ചർച്ച നടത്തി

റിഹാബിലിറ്റേഷൻ പ്ലാന്റേഷൻ ലിമിറ്റഡിന്റെ നേതൃത്വത്തിൽ കമ്പനി രൂപീകരിച്ച് റബ്ബറധിഷ്ഠിത ഉത്പന്നങ്ങൾ ഉത്പാദിപ്പിച്ച് കമ്പോളത്തിലിറക്കാൻ സാധ്യതാ പഠനം നടത്താൻ തീരുമാനം. കർഷകരിൽ നിന്ന് കമ്പനി നേരിട്ട് റബ്ബർ ശേഖരിക്കുന്ന രീതിയാണ് പരിഗണിക്കുന്നത്. ആർ. പി. എൽ. ഉദ്യോഗസ്ഥരുമായും തൊഴിലാളി സംഘടനാ പ്രതിനിധികളുമായും പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രി വി. ശിവൻകുട്ടി ചർച്ച നടത്തി. തെഴിലാളികൾക്കായി നിർമിച്ച 13 വീടുകളുടെ താക്കോൽദാനം മന്ത്രി നിർവഹിച്ചു. 46 വീടുകൾ കൂടി നിർമ്മിക്കാനുള്ള നിർദേശം മന്ത്രി മാനേജ്മെന്റിന് നൽകി. എല്ലാവർക്കും വീട് എന്നതാണ് ലക്ഷ്യമെന്ന് മന്ത്രി പറഞ്ഞു.

തൊഴിലാളികളുടെ ഗ്രാറ്റുവിറ്റി 26 ദിവസമാക്കി ഉയർത്തുന്ന കാര്യം പഠിക്കാൻ തൊഴിൽ വകുപ്പ് സെക്രട്ടറിയെ ചുമതലപ്പെടുത്തി. പെൻഷൻ പ്രായം 60 ആക്കിയ സർക്കാർ ഉത്തരവ് ആർ. പി. എല്ലിൽ നടപ്പാക്കി. 233 കരാർ തൊഴിലാളികളെ ധനവകുപ്പിന്റെ അനുമതി ലഭിച്ചാൽ സ്ഥിരപ്പെടുത്തുമെന്ന് മന്ത്രി വ്യക്തമാക്കി. ആർ. പി. എൽ. ആശുപത്രിയിൽ 24 മണിക്കൂറും ഡോക്ടറുടെ സേവനം ലഭ്യമാക്കാൻ നടപടിയെടുക്കണമെന്ന് മന്ത്രി നിർദേശിച്ചു. ഡോക്ടറുടെ സേവനവേതന വ്യവസ്ഥകളിൽ മാറ്റം വരുത്തും.

അടുത്ത വർഷത്തോടെ സ്ഥാപനം ലാഭത്തിലാക്കണമെന്ന് മന്ത്രി മാനേജ്മെന്റിന് നിർദേശം നൽകി. സ്ഥാപനം ലാഭത്തിലായാൽ തൊഴിലാളികൾക്ക് അതിന്റെ ഗുണം ലഭിക്കുമെന്ന് വ്യക്തമാക്കി. ആർ. പി. എൽ. സ്കൂളിൽ മലയാളവും ഇംഗ്ളീഷും കൂടി പഠിപ്പിക്കും. സ്കൂളിൽ പ്ലസ് ടു അനുവദിക്കുന്ന കാര്യം പരിഗണിക്കുമെന്ന് മന്ത്രി അറിയിച്ചു.

വിവിധ തൊഴിലാളി യൂണിയനുകളെ പ്രതിനിധീകരിച്ച് എസ്. ജയമോഹൻ, അജയൻ, പുനലൂർ മധു, സാബു, പി. എസ്. സുപാൽ എം. എൽ. എ, അജയപ്രസാദ്, നാസർഖാൻ, സാബു എബ്രഹാം എന്നിവർ ചർച്ചയിൽ പങ്കെടുത്തു.

## ശുചീകരണ തൊഴിലാളികളുടെ വിവരശേഖരണം ഊർജിതമാക്കണം: ജില്ലാകലക്ടർ

ജില്ലയിലെ ശുചീകരണ തൊഴിലാളികളുടെ വിശദമായ വിവരശേഖരണം തയാറാക്കാൻ ജില്ലാ കലക്ടർ അഫ്സാന പർവീൺ നിർദ്ദേശം നൽകി. സഫായി കർമ്മചാരീസ് ദേശിയകമ്മീഷൻ അംഗം ഡോ.പി.പി.വാവയുടെ സന്ദർശനത്തോട് അനുബന്ധിച്ചു വിവിധ വകുപ്പുകളുടെ അവലോകനയോഗത്തിലാണ് കലക്ടറുടെ നിർദ്ദേശം.

ശുചീകരണ തൊഴിലാളികളുടെ കോളനികളെ സംബന്ധിച്ചുള്ള വിവരങ്ങൾ, പുനരധിവാസം, തൊഴിൽ ഉപേക്ഷിച്ചവർ, ഇപ്പോഴും തുടരുന്നവർ എന്നിവ ഉൾപ്പെടുന്ന വിവരശേഖരണം നടത്തണം. കമ്മീഷന്റെ മുൻ സന്ദർശനങ്ങളിൽ നിർദ്ദേശിക്കപെട്ട വിഷയങ്ങളിൽ ഓരോ വകുപ്പുകളും സ്വീകരിച്ച നടപടികളുടെ റിപ്പോർട്ടുകൾ നൽകാനും ജില്ലാ കലക്ടർ ആവശ്യപ്പെട്ടു.

മാർച്ച് രണ്ട്, മൂന്ന് തീയതികളിലാണ് കമ്മീഷൻ ജില്ലയിൽ സന്ദർശനം നടത്തുക. ശുചിത്വമിഷൻ ജില്ല കോർഡിനേറ്റർ സൗമ്യ ഗോപാലകൃഷ്ണൻ, ജില്ല ലേബർ ഓഫീസർ ഗീത, ജില്ല പട്ടികജാതി വികസന ഓഫീസർ ബീന, സാമൂഹ്യനീതി ഓഫീസർ കെ.കെ.ഉഷ, കോർപ്പറേഷൻ സെക്രട്ടറി പി.കെ.സജീവ്, ലീഡ് ബാങ്ക് ഡിസ്ട്രിക് മാനേജർ ബിജുകുമാർ ഡി.എസ് തുടങ്ങിയവർ പങ്കെടുത്തു.

# സംസ്ഥാനത്ത് പാഴ്വസ്തു ശേഖരണം ശക്തിപ്പെടുത്തുന്നു

തിരുവനന്തപുരം: സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ മാലിന്യങ്ങളുടെ ശേഖരണം, സംഭരണം, തരംതിരിക്കൽ, കയ്യൊഴിയൽ പ്രവർത്തനങ്ങൾ തുടങ്ങിയവ ശക്തിപ്പെടുത്തുന്നു. ക്ലീൻ കേരള കമ്പനിയുടെ പിന്തുണയോടെയാണ് ഈ പ്രവർത്തനങ്ങൾ വിപുലപ്പെടുത്തുക. ഈ പ്രവർത്തനങ്ങളുടെ ഭാഗമായി പുനരുപയോഗ യോഗ്യമായ പാഴ്വസ്തുക്കളും നിഷ്ക്രിയ മാലിന്യങ്ങളും നീക്കം ചെയ്യുന്നതിന് 49 നഗരസഭകൾ ഉൾപ്പെടെ 813 തദ്ദേശസ്ഥാപനങ്ങളുമായി കരാറിലെത്തിയിട്ടുണ്ട്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി ശേഖരിച്ച പാഴ്വസ്തുക്കളുടെ മൂല്യം കണക്കാക്കി തരംതിരിക്കുന്നതിന് ഹരിത കർമ്മ സേനയ്ക്ക് പരിശീലനം നൽകി. ഇതുവഴി 3502 പാഴ്വസ്തുക്കൾ ശേഖരിക്കുകയും 1.99 കോടി രൂപ പ്രതിഫലമായി നൽകുകയും ചെയ്തു. തദ്ദേശ സ്ഥാപനങ്ങൾ വഴി ശേഖരിക്കുന്ന നിഷ്ക്രിയ മാലിന്യങ്ങൾ നീക്കം ചെയ്യുന്നത് ജിപിഎസ് ഘടിപ്പിച്ച വാഹനം വഴി മാത്രമായിരിക്കും. കഴിഞ്ഞ രണ്ടു മാസങ്ങളിലായി 1627 നിഷ്ക്രിയ മാലിന്യങ്ങൾ സുരക്ഷിതമായി നീക്കം ചെയ്തു കഴി!ഞ്ഞു.

റോഡ് നിർമ്മാണത്തിനായി പൊടിച്ച പ്ലാസ്റ്റിക് മാലിന്യം ഉപയോഗിക്കുന്ന രീതി വർധിച്ചിട്ടുണ്ട്. അത് ഇനിയും പ്രോത്സാഹിപ്പിക്കും. 2783 ടൺ പ്ലാസ്റ്റിക് മാലിന്യങ്ങൾ പൊടിച്ച് തയാറാക്കിയതിൽ, 2508 ടണ്ണും 4567 കിലോമീറ്റർ റോഡ് നിർമ്മാണത്തിനായി വിനിയോഗിച്ചു. അഗ്രികൾച്ചർ യൂണിവേഴ്സിറ്റിയുടെ തിരുവനന്തപുരം വെള്ളായണി, തൃശൂർ വെള്ളാനിക്കര, കാസർകോട് പടന്ന കാമ്പസിലെ അജൈവ മാലിന്യം ശേഖരിക്കുന്നതിനും സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റികൾ സ്ഥാപിക്കും.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും പ്രതിമാസ പാഴ്വസ്തു ശേഖരണ കലണ്ടർ പ്രകാരം നിഷ്ക്രിയ മാലിന്യങ്ങളുടെ ശേഖരണം ആരംഭിച്ചിട്ടുണ്ട്. ക്ലീൻ കേരള കമ്പനിയാണ് അത് ശേഖരിക്കുന്നത്.

## 'മികവ് 2021' വിദ്യാഭ്യാസ അവാർഡ് വിതരണം ചെയ്യും

കാഷ്യൂ കോർപ്പറേഷനിലെ തൊഴിലാളികളുടെയും ജീവനക്കാരുടെയും മക്കളിൽ ഉന്നതവിജയം കരസ്ഥമാക്കിയവർക്ക് ഏർപ്പെടുത്തിയ വിദ്യാഭ്യാസ അവാർഡ് 'മികവ് 2021' ഇന്ന് (ഫെബ്രുവരി 22) ഉച്ചയ്ക്ക് മൂന്ന് മണിക്ക് കൊല്ലം പ്രസ് ക്ലബ്ബിൽ നടക്കുന്ന ചടങ്ങിൽ കൊല്ലം മേയർ പ്രസന്ന ഏണസ്റ്റ് വിതരണം ചെയ്യും. എം.ബി.ബി.എസിന് പ്രവേശനം ലഭിച്ചവർ, വിവിധ വിഷയങ്ങളിൽ റാങ്ക് കരസ്ഥമാക്കിയവർ, ജെ. ആർ. എഫ് യോഗ്യത നേടിയവർ, 2021ലെ എസ്.എസ്.എൽ.സി, പ്ലസ് ടു പരീക്ഷകളിൽ ഉന്നത മാർക്ക് കരസ്ഥമാക്കിയവർ തുടങ്ങിയ 177 പേർക്ക് ക്യാഷ് അവാർഡ് നൽകും.




സെൻട്രൽ വെയർ ഹൗസിംഗ് കോർപ്പറേഷന്റെ സാമൂഹ്യ പ്രതിബദ്ധത പദ്ധതിയിൽ നിന്നുള്ള 4.7 ലക്ഷം രൂപയുടെ ചെക്ക് ജില്ലാ ആശുപത്രി നവീകരണത്തിനായി ജില്ലാ കലക്ടർ അഫ്സാന പർവീണിന് സെൻട്രൽ വെയർ ഹൗസിങ് കോർപറേഷൻ ഡയറക്ടർ കെ. വി. പ്രദീപ് കുമാർ ചേംബറിൽ കൈമാറുന്നു

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.